


# കൽപാക്കവവും കൂടംകുളവും സുരക്ഷിതമോ?

**കുനാൽ മജുംദാർ**
(പരിഭാഷ: കെ. രാമചന്ദ്രൻ)

**ആണവോർജ്ജത്തിലാണ് ഇന്ത്യയുടെ ഭാവിയെന്ന ഭരണകൂടത്തിന്റെ നിലപാട് കൽപ്പാക്കത്തെയും കൂടംകുളത്തെയും ജനങ്ങളെ കൂടുതൽ ഭീതിയിലാഴ്ത്തുകയാണ്. വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ചുള്ള ആശങ്കകൾ ഈ ആണവ നഗരങ്ങളുടെ തെരുവുകളിൽ നിറഞ്ഞുനിൽക്കുന്നു.**

രണ്ട് പ്രധാന ആണവനിലയങ്ങൾ സ്ഥിതിചെയ്യുന്ന, തമിഴ്നാട്ടിലെ കൽപ്പാക്കത്തേക്കും കൂടംകുളംത്തേക്കും 'തെഹൽക്ക' ഈയാഴ്ച ഒരു യാത്ര നടത്തി. അണുശക്തി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അധികമാരും ശ്രദ്ധിക്കപ്പെടാൻ ഇടയില്ലാത്തിടത്ത്, ഒരു വിദ്യാർത്ഥിയുടെ സയൻസ് പുസ്തകത്തിൽ ഉൾക്കൊള്ളുന്നത്ര വലിപ്പത്തിൽ ഒരു വലിയ ഭൂപടം കൊടുത്തിട്ടുണ്ട്. ഇന്ത്യയിലെ ആണവോർജ്ജസ്ഥാപനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ഭൂപടത്തിൽ കൽപ്പാക്കം കണ്ടെത്താനും ബുദ്ധിമുട്ടില്ല. തമിഴ്നാട്ടിന്റ തലസ്ഥാനമായ ചെന്നൈയുടെ 70 കി.മീറ്ററിനുള്ളിലുള്ള കൽപ്പാക്കത്ത് ഏഴ് ആണവ നിലയങ്ങൾ ഉണ്ട്. മദ്രാസ് ആറ്റോമിക് പവർ സ്റ്റേഷനിൽ ഉത്പാദിപ്പിക്കുന്ന ആണവോർജ്ജം കൽപാക്കം ആണവ പുനസംസ്കരണനിലയത്തിൽ ഉപയോഗിക്കുകയും, കൽപാക്കം ആണവനിലയറിയാക്ടറുകളിൽനിന്നുള്ള ഉപയോഗിച്ച ഇന്ധനത്തെ പുനസംസ്കരിച്ച് മറ്റ് ആണവപരിപാടികൾക്ക് വീണ്ടും ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു. എന്നാൽ, ഇന്ത്യൻ ആണവഭൂപടത്തിൽ കൽപ്പാക്കം പ്രധാന ഇടം നേടുന്നത് മറ്റൊരു കാരണംകൂടികൊണ്ടാണ്. ഇവിടെ സ്ഥാപിച്ചിരിക്കുന്ന രണ്ട് റിയാക്ടറുകളും തദ്ദേശീയമായി വികസിപ്പിച്ചെടുത്തവയാണ്. വ്യാവസായിക അടിസ്ഥാനത്തിലുള്ള പ്രവർത്തനം ഇവിടെ തുടങ്ങുന്നത് 1984ലും 1986ലുമാണ്. ഇപ്പോൾ രണ്ട് റിയാക്ടറുകളിൽനിന്നുമായി 440 മെഗാവാട്ട് വൈദ്യുതി ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇനിയും 500 മെഗാവാട്ട് കൂടി പ്രതിഷ്ഠാപിത ശേഷിക്കുള്ള ആലോചനയുണ്ട്.

കുറെക്കൂടി തെക്ക്, കൽപ്പാക്കം നിലയത്തിൽനിന്നും 700 കി.മീ. അപ്പുറത്താണ് കൂടംകുളം. 1000 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് റിയാക്ടറു

കൾ ഇവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്. റഷ്യൻ ആണവവ്യാപാരക്കമ്പനിയായ ആറ്റംസ്ട്രോഎക്സ്പോർട്ടിന്റെ പിന്തുണയോടെയാണ് ഇവിടെ റിയാക്ടറുകൾ നിർമ്മിക്കുന്നത്. അവ 2011 മാർച്ചിൽ പ്രവർത്തനം തുടങ്ങുമ്പോൾ, ഒരന്താരാഷ്ട്ര കമ്പനിയുമായി സഹകരിച്ച് ഇന്ത്യ നടത്തുന്ന ആദ്യത്തെ സംരംഭമാവും അത്. ഇന്ത്യൻ ആണവപരിപാടിയിലെ രണ്ട് വ്യത്യസ്ത സമീപനങ്ങളാണ് കൽപാക്കത്തെയും കൂടംകുളത്തെയും നിലയങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. മുഖ്യമായും ഇവിടത്തെ സാങ്കേതികവിദ്യ കൽപ്പാക്കത്തുപയോഗിക്കുമ്പോൾ, ഒരു വിദേശ കമ്പനിയുമായി സഹകരിച്ചുള്ള നിലയമാണ് കൂടംകുളത്തേത്.

എന്നിട്ടും രണ്ടുനിലയങ്ങളും സന്ദർശിച്ച തെഹൽക കണ്ടെത്തിയത് രണ്ട് സ്ഥലത്തുമുള്ള ജനങ്ങളുടെ ഉത്കണ്ഠകളും അവരുടെ ശബ്ദത്തിലടങ്ങിയ വേദനയും തമ്മിൽ വ്യത്യാസമില്ല എന്നായിരുന്നു. കൽപാക്കത്തു നടന്ന ചെറുതും വലുതുമായ ആണവ അപകടങ്ങളെക്കുറിച്ച് ആളുകൾ കുശുകുശുക്കുന്നതു കേൾക്കാമായിരുന്നു. വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ചുള്ള ആശങ്കയാണ് കൂടംകുളത്ത് വ്യക്തമായി മുഴങ്ങിക്കേട്ടത്.

കൽപാക്കത്തെ ഇന്ധനപുനഃസംസ്കരണ നിലയത്തിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന മുംബൈയിലെ ഭാഭാ അണുശക്തി ഗവേഷണകേന്ദ്രത്തിന്റെ ഡയറക്റ്റർക്ക്, 2003 ജനുവരി 24ന് BARC EEA/3/3/131 നമ്പറായി അയച്ച ഒരു രഹസ്യ എഴുത്ത് തെഹൽക സമ്പാദിക്കുകയുണ്ടായി. BARC ഫെസിലിറ്റീസ് എംപ്ലോയീസ് അസോസിയേഷന്റെ ജനറൽ സെക്രട്ടറി എഴുതിയ പ്രസ്തുത കത്തിൽ കൽപാക്കത്തെ പുനഃസംസ്കരണ നിലയത്തിൽ 2003 ജനുവരി 21ന് നടന്ന ഗുരുതരമായ ഒരു ആണവഅപകടത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ശ്രീനിവാസരാജു എന്ന ശാസ്ത്രജ്ഞനോട് കുറഞ്ഞ വികിരണമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ഒരു ടാങ്കിൽ നിന്ന് അറിയപ്പെടാത്ത ഒരു ദ്രാവകത്തിന്റെ സാമ്പിൾ ശേഖരിക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഈ ടാങ്കിൽ ഗാമാ രശ്മികളുടെ വികിരണം കൂടുമ്പോൾ അപായ ശബ്ദം മുഴക്കുന്ന മോണിറ്റർ ഘടിപ്പിച്ചിരുന്നില്ല. രാത്രി 12 മണിക്ക് രാജു സാമ്പിളെടുത്ത് പരിശോധനയ്ക്കായി അവിടെത്തന്നെയുള്ള ലാബിലേക്ക് കൊണ്ടുപോയി ഒരു ട്രേയിൽ വെച്ചു. ഉടൻതന്നെ ലാബിലെ ഗാമാ മോണിറ്റർ ദ്രാവകത്തിന്റെ ഉയർന്ന വികിരണ തോതിന് പ്രതികരണമായി അപായതാക്കീത് കാണിച്ചുതുടങ്ങി. ഈ മോണിറ്റർ ശ്രദ്ധിക്കാൻ ജോലിക്കാർ 2 മണിക്കൂർ സമയമെടുത്തു. അപ്പോഴേക്കും അപായസൂചനയുടെ ഉറവിടം കണ്ടെത്തി. രാജു ഏതാണ്ട് 1 മണിക്കൂർ ഈ ദ്രാവകം കൊണ്ട് ജോലി ചെയ്യുകയായിരുന്നു. രാജുവിനെക്കൂടാതെ ഒരു സ്ത്രീയുൾപ്പെടെ വേറെ അഞ്ച് പേർക്കും ഉയർന്ന തോതിൽ അണുവികിരണമേറ്റു. BARC ഉദ്യോഗസ്ഥർ എട്ട് മാസം കഴിഞ്ഞാണ് സംഭവം നടന്നതായി സ്ഥിരീകരിച്ചത്. 2003 ആഗസ്ത് 6ന് അന്നത്തെ BARC ഡയറക്റ്റർ പറഞ്ഞത് "ഇന്ത്യയിലെ ആണവചരിത്രത്തിലെ ഏറ്റവും വലിയ അപകട"മായിരുന്നു അത് എന്നാണ്.

ഉയർന്ന തോതിൽ വികിരണമേറ്റ 6 പേരെക്കുറിച്ച് വിവരങ്ങൾ ചോദിച്ചപ്പോൾ എളുപ്പത്തിൽ ആരും ഉത്തരം പറഞ്ഞില്ല. അണുശക്തി വകുപ്പ് കൽപാക്കത്ത് സ്ഥാപിച്ച ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് ഡോ. എ. വിജയ "അക്കൂട്ടത്തിൽ ഒരാൾ മരിച്ചു" എന്ന് പറഞ്ഞു. "പക്ഷെ അണുവികരണം കൊണ്ടല്ല. ബാക്കിയെല്ലാവരും സുഖമായിരിക്കുന്നു" എന്നയാൾ ഉടനെ കൂട്ടിച്ചേർത്തു. അവരുടെ വിവരങ്ങൾ തിരക്കിയപ്പോൾ അദ്ദേഹം ഒഴിഞ്ഞുമാറുകയും ഇന്ധന പുനഃസംസ്കരണനിലയത്തിലെ ഉദ്യോഗസ്ഥരെ കാണാൻ പറയുകയുമാണ് ചെയ്തത്. അവരെ കാണാൻ നടത്തിയ തുടർച്ചയായ ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്തു.മറ്റൊരു രഹസ്യ എഴുത്ത് വികിരണമേറ്റതിന്റെ കൂടുതൽ കേസുകൾ വെളിപ്പെടുത്തുന്നു (ബോക്സ് കാണുക).

പ്ലാന്റിലെ തൊഴിലാളികൾ അപകടത്തിന്റെ അവകാശവാദം ഉന്നയിച്ചപ്പോൾ കൽപാക്കത്തെ ഇന്ദിരാഗാന്ധി ആണവഗവേഷണ കേന്ദ്രത്തിന്റെ കെമിക്കൽ വിഭാഗം മേധാവി ഡോ. വാസുദേവ റാവു അലക്ഷ്യ

## സുരക്ഷിതത്വം അപകടപ്പെടുത്തുന്ന കളി

**1995** – കൽപാക്കത്ത് ദയാനിധിയും കന്തസാമിയും അനുവദനീയ പരിധിയുടെ അമ്പത് മടങ്ങ് ഗാമാവികിരണം ഏറ്റതായി രേഖപ്പെടുത്തി.

**26 മാർച്ച് 1999** – കൽപാക്കം ആണവനിലയത്തിന്റെ ഗ5 യൂണിറ്റിൽ ഹെവിവാട്ടർ ചോർന്ന് ചുരുങ്ങിയത് 7 പേർക്ക് പരമാവധി അണുവികിരണമേറ്റു.

**30 മെയ് 2001** – നിയോപ്രീൻ ഉറയ്ക്ക് തുളവീണ് എസ്. ശിവകുമാർ എന്ന തൊഴിലാളിയ്ക്ക് വികിരണമാലിന്യമേറ്റു.

**7 ജൂലൈ 2002** – റേഡിയോ ആക്റ്റിവതയുള്ള ഒരു വസ്തു പെറുക്കിയെടുത്തതിനാൽ സെൽവകുമാർ എന്ന തൊഴിലാളിയുടെ ഇടതുകൈയ്ക്ക് പൊള്ളലേറ്റു.

**19 ഡിസംബർ 2002** – സുരക്ഷിതത്വ നടപടിക്രമങ്ങൾ പാലിക്കാതെ മധുസൂദനൻ, രാജൻ എന്നിവർക്ക് വികിരണമാലിന്യമേറ്റു.

മായ മട്ടിൽ അത് തള്ളിക്കളയുകയായിരുന്നു. “ഞങ്ങളുടെ പ്രവർത്തനചരിത്രം വളരെ വൃത്തിയുള്ള ഒന്നായതുകൊണ്ടുതന്നെ വളരെ നിസ്സാരസംഭവങ്ങൾ പോലും മാധ്യമങ്ങളും പൊതുജനങ്ങളും വല്ലാതെ ഊതിവീർപ്പിച്ചാണ് അവതരിപ്പിക്കുന്നത്” എന്ന് റാവു.

സ്ഥാപനത്തിന് പുറത്തും വികിരണത്തിന്റെ ഫലങ്ങളെക്കുറിച്ച് സംസാരിക്കുന്ന ശബ്ദങ്ങളുണ്ട്. 1980കളിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചത് മുതൽ കാൻസറും ഓട്ടോ ഇമ്യൂൺ തൈറോയ്ഡ് രോഗങ്ങളും ചുറ്റമുള്ള ഗ്രാമങ്ങളിൽ കണ്ടമാനം പെരുകി. കൽപാക്കത്തുനിന്ന് 5 കി. മി. തെക്ക് സദ്രസ്കുപ്പം ഗ്രാമത്തിൽ നിലയത്തിൽ കോൺട്രാക്റ്റ് തൊഴിലാളിയായി ജോലി ചെയ്തിരുന്ന രാജേഷിനെ (പേര് മാറ്റിയിട്ടുണ്ട്) ഞങ്ങൾ കണ്ടു. രാജേഷിന്റെ 3 വയസായ മകൾ അഭിയ്ക്ക് റെറ്റിനോബ്ലാസ്റ്റോമ (കണ്ണിന് കാൻസർ) ഉണ്ടെന്ന് കണ്ടെത്തി. മരണം സംഭവിക്കാവുന്നതാണെന്ന് ഡോക്ടർമാർ ഉറപ്പിച്ച് പറഞ്ഞിട്ടുണ്ട്. “അവളുടെ അവയവങ്ങൾ സംഭാവന ചെയ്യണമെന്നാണ് എന്റെ ആഗ്രഹം; എന്നാൽ ഭാര്യ കാര്യം വളരെ വൈകാരികമായെടുത്ത് അതിന് സമ്മതിക്കുന്നില്ല.” രാജേഷിന്റെ ദിവസവരുമാനം 300 രൂപ. ഒരുപക്ഷെ മകളുടെ ജീവൻ രക്ഷിച്ചേക്കാവുന്ന ശസ്ത്രക്രിയ നടത്താൻ ഈ വരുമാനം തികയില്ല.

നിലയ ജോലിക്കാരുടെ രണ്ടാംതലമുറയിൽപ്പെട്ട രാജേഷ് ഉറപ്പിച്ചുപറയുന്നത് നിലയത്തിൽ നിന്നുള്ള വികിരണമാണ് മകളുടെ ഈ അവസ്ഥയ്ക്ക് കാരണമെന്ന് അവളെ ചികിത്സിച്ച മധുര അരവിന്ദ് കണ്ണാശുപത്രിയിലെ ഡോക്ടർമാർ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം സ്ഥിരീകരിച്ചിട്ടുണ്ടെന്നാണ്. അവർ വ്യക്തമായി ഉപദേശിക്കുന്നത് ആ പ്രദേശത്തുനിന്നും മാറിപ്പോകാനാണ്. എന്നാൽ രാജേഷിന് ഇത് സാധ്യമല്ലതാനും. “എന്നെ ആശ്രയിച്ച് കഴിയുന്ന നാല് മക്കളുണ്ടെനിക്ക്. ഇവിടെ ജോലിയെടുത്തില്ലെങ്കിൽ ഞാനെങ്ങനെ അവരെ പോറ്റും?” രാജേഷ് ചോദിക്കുന്നു.

രാജേഷിന്റെ കഥ ഒറ്റപ്പെട്ട ഒന്നല്ല. നിലയത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള ഗ്രാമങ്ങളിൽ 30000 തൊഴിലാളികൾ താമസിക്കുന്നുണ്ട്. നിലയത്തിലെ സ്ഥിരജോലിക്കാർ ടൗൺഷിപ്പിൽ താമസിക്കുന്നത് ഇതിന് പുറമെ. തൊഴിലാളികൾക്കിടയിലും പ്രദേശവാസികൾക്കിടയിലുമുള്ള കാൻസർമരണങ്ങളുടെ സ്ഥിതിവിവരകണക്ക് ആവശ്യപ്പെട്ടാൽ അവിടത്തെ പബ്ലിക് ഹെൽത് സെന്റർ വിവരം നൽകാൻ വിസമ്മതിക്കുന്നു; അത് രഹസ്യമാണെന്ന പേരിൽ (sensitive). ടൗൺഷിപ്പിനകത്ത് കഴിഞ്ഞ പത്ത് വർഷത്തിനകത്തുള്ള കാൻസർ രോഗികൾ വെറും 244 ആണെന്ന് അണുശക്തി വകുപ്പിന്റെ മെഡിക്കൽ ഓഫീസർ ഡോ. വിജയ പറയുന്നു. എന്നാൽ പ്രദേശത്തെ ആക്റ്റിവിസ്റ്റുകൾ ഇതിനോട് യോജിക്കുന്നില്ല. എണ്ണം കുറയ്ക്കാൻ വേണ്ടി മരണകാരണം മറ്റുപലതുമാക്കി മാറ്റുകയാണ്. അണുശക്തിവകുപ്പ് ഉദ്യോഗസ്ഥരും ആക്റ്റിവിസ്റ്റുകളും ഇവിടെ പരക്കെയുള്ള രോഗങ്ങളെക്കുറിച്ച് പരസ്പരം നേരിട്ടുകണ്ട് സംസാരിക്കാറില്ല. അന്താരാഷ്ട്ര അംഗീകാരമുള്ള വിദഗ്ധർ പഠനം നടത്തിയിട്ടും അണുശക്തി ഉദ്യോഗസ്ഥർ പിന്നെയും പറഞ്ഞുകൊണ്ടിരിക്കുന്നത് വികിരണത്തോത് ഏതെങ്കിലും പ്രശ്നമുണ്ടാക്കാനിടയില്ലാത്തത്രയും കുറവാണെന്നുതന്നെ.

ഈ വർഷം ജൂലൈ 7ന് സ്ഥാപനം സന്ദർശിച്ച പാർലിമെന്ററി കമ്മിറ്റി ഈ വക വിവാദങ്ങളൊന്നും തന്നെ പരിഗണിച്ചിട്ടില്ല. ടി. സുബ്ബരാമറെഡ്ഡി നയിക്കുന്ന സംഘം ആണവസ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും പ്രാദേശിക രാഷ്ട്രീയ നേതാക്കളെയും കണ്ടു. അപകടങ്ങൾ നേരിടാനുള്ള സജ്ജീകരണം ആണവസ്ഥാപനങ്ങൾക്കുണ്ടെന്നും; ജനങ്ങൾക്ക് ഇവകൊണ്ട് ആ പ്രദേശത്ത് ഒരു പ്രശ്നവുമില്ലെന്നുമായിരുന്നു അവർ ഉപസംഹരിച്ചത്. “ഞങ്ങൾ ഞെട്ടിപ്പോയി. ഗ്രാമങ്ങളിലേയ്ക്ക് അവർ കടന്നതുപോലുമില്ല. അവർ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഭാഷ്യം അതേപടി സ്വീകരിക്കുകയാണ് ചെയ്തത്.” കഴിഞ്ഞ 20 വർഷമായി അവിടെ പ്രാക്റ്റീസ് ചെയ്യുന്ന ഡോ. വി. പുകഴേന്തി പറഞ്ഞു.

കൂടംകുളത്ത് നിലയം പ്രവർത്തനമാരംഭിക്കാൻ ഏതാനും മാസം മാത്രം ബാക്കിനിൽക്കെ പരസ്പര സംവാദത്തിന്റെ ലക്ഷണമൊന്നുമില്ല. സംവാദത്തിന് അവസരമൊരുക്കുമായിരുന്ന, പൊതുജനാഭിപ്രായം കേൾക്കുന്നതിന് നിയമപ്രകാരമുള്ള യോഗം ചേർന്നത് നിലയപ്രദേശത്തുനിന്നും 87 കി.മീ അകലെയാണെന്ന് ഗ്രാമവാസികൾ ആരോപിക്കുന്നു. പ്രദേശത്തെ ഒരു നേതാവ് എ.എസ്. രവി പറഞ്ഞത് ഇങ്ങനെ. “ഇത്ര ദൂരത്തായിട്ടും ഞങ്ങൾ ധാരാളം ആളുകൾ അങ്ങോട്ടുപോയി; ഒന്നും കൂസാതെ. ഒടുവിൽ നോക്കിയപ്പോൾ ഞങ്ങളുടെ ഗ്രാമങ്ങൾ അവരുടെ മാപ്പിൽ പോലും പെട്ടിരുന്നില്ല!” എസ്.പി. ഉദയകുമാർ എന്ന മറ്റൊരു ആക്റ്റിവിസ്റ്റ് പറഞ്ഞു: “2011 മാർച്ചിൽ നിലയം പ്രവർത്തനമാരംഭിച്ചാലുള്ള വികിരണത്തെ എങ്ങനെ നേരിടണമെന്നുള്ള തയ്യാറെടുപ്പിലാണ് നാട്ടുകാർ. **നിലയം പ്രവർത്തനം തുടങ്ങിയാൽ, ഔദ്യോഗികമായ അറിയിപ്പിലൂടെയല്ലെങ്കിലും, 30000 ഗ്രാമീണരോട് സ്ഥലം വിടാൻ ആവശ്യപ്പെട്ടിട്ടുണ്ട്.”**

കൂടംകുളത്തെ ഗ്രാമീണർക്ക് മുറിയൻ ഹിന്ദിയിൽ ചോദിക്കാൻ ഒടുവിൽ അവശേഷിച്ചത് പ്രസക്തമായ ഒരു ചോദ്യം മാത്രം: ഒരു പഴക്കച്ചവടക്കാരൻ ഉച്ചത്തിൽ ചോദിക്കുന്നു ‘‘ആണവോർജം നല്ലതാണെന്ന് മൻമോഹൻസിങ് വിചാരിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അദ്ദേഹം 10, ജൻപഥിൽ നിലയം സ്ഥാപിക്കുന്നില്ല?” പൃഥ്വീരാജ് ചൗഹാൻ എന്തായാലും ഈ നിർദേശം പരിഗണിക്കാനിടയില്ല.

(കടപ്പാട്: തെഹൽക്ക)